# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## എക്സിക്യൂട്ടീവ് ഓഫീസ്, പത്തനംതിട്ട

EOP/No: 46/18-SAB                                        Dated: 16.06.2018

## ഒട്ടുപാൽ ലേലം / വിശദപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള നിലയ്ക്കൽ ശബരി എസ്റ്റേറ്റിലെ റബ്ബർ മരങ്ങളിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടുള്ള ഉദ്ദേശം 4250 കിലോഗ്രാം തൂക്കം വരുന്ന ഒട്ടുപാൽ നിലയ്ക്കൽ എസ്റ്റേറ്റിൽ സൂക്ഷിച്ചിട്ടുള്ളത് ഇപ്പോഴത്തെ അവസ്ഥയിൽ 05.07.2018 ൽ പകൽ 10 മണിക്ക് ലേലം ചെയ്ത് വിൽക്കുന്നതാണ്. ഇതിലേക്ക് ലൈസൻസുള്ളതും, മതിപ്പും ഖ്യാതിയുമുള്ളതുമായ സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും മുദ്രവെച്ച് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. കിലോഗ്രാം അടിസ്ഥാനത്തിൽ റേറ്റ് രേഖപ്പെടുത്തി ഏതെങ്കിലും ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല ദേവസ്വം എന്ന പേരിലുള്ള 50,000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ഹാജരാക്കേണ്ടതാണ്. ക്വട്ടേഷനുകൾ 28.06.2018 പകൽ 9.30 മണിവരെ നിലയ്ക്കൽ ദേവസ്വം ആഫീസിൽ സ്വീകരിക്കുന്നതും അന്നു പകൽ 10 മണിയ്ക്ക് ലേലത്തിനു ശേഷം സ്ഥലത്തുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ലേലതുകയോ ക്വട്ടേഷൻ തുകയോ ഏതാണ് കൂടുതൽ എന്ന് പരിശോധിച്ച് കൂടുതൽ തുകക്കുള്ള ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്. സ്ഥിരപ്പെടുത്തുന്ന ഒട്ടുപാലിന്റെ വിലയ്ക്ക് നിലവിലുള്ള ടാക്സ്, സെസ്സ് എന്നിവ കുത്തകക്കാരൻ തന്നെ അടക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള ചട്ടങ്ങൾ ഈ ലേല / ക്വട്ടേഷനും ബാധകമായിരിക്കും. ലേല / ക്വട്ടേഷൻ തുക അപര്യാപ്തമെന്നു തോന്നുന്ന പക്ഷം ആവർത്തന ലേലത്തിന് ശുപാർശ ചെയ്യുന്നതായിരിക്കും. ലേലം / ക്വട്ടേഷൻ ലഭിക്കുന്ന ആൾ വിവരം തെര്യപ്പെടുത്തുന്ന മുറക്ക് തുക ഒന്നായി അടച്ചശേഷം സ്വന്തം ചിലവിൽ ആളെവച്ച് സാധനം തൂക്കി ബോദ്ധ്യപ്പെട്ട് സ്ഥലത്തുനിന്നും അപ്പോൾതന്നെ മാറ്റേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യതുക മുതൽ കൂട്ടുന്നതും ലേലം / ക്വട്ടേഷൻ ക്യാൻസൽ ചെയ്ത് ആവർത്തന ലേലം / ക്വട്ടേഷൻ നടത്തി നടപടി സ്വീകരിക്കുന്നതുമായിരിക്കും. ആവശ്യമുള്ള പക്ഷം നിലയ്ക്കൽ ദേവസ്വവുമായി ബന്ധപ്പെട്ട് ഒട്ടുപാൽ പരിശോധിക്കാവുന്നതുമാണ്. ലേലം / ക്വട്ടേഷൻ സംബന്ധിച്ച് എല്ലാ അന്തിമ തീരുമാനങ്ങളും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും

ഒപ്പ്

എക്സിക്യൂട്ടീവ് ആഫീസർ
ശബരിമല ദേവസ്വം
തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ : 04735 205 290
04735 202 028

Size: 8 x 11cm